# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2012 ജൂലായ് 23, തിങ്കൾ*

വാല്യം 150] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 27

നിയമസഭ 2012 ജൂലായ് മാസം 23-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ....... ഓർഡർ....... ചോദ്യം നമ്പർ * 751

**കേന്ദ്രസർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളിലെ സംസ്ഥാന സർക്കാരിന്റെ വിഹിതം**

1 (*751) ശ്രീ. ജെയിംസ് മാത്യു :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിച്ചു കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ ഏതെല്ലാം നികുതികളുടെ എത്ര ശതമാനം വീതമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനവിഹിതം എത്ര ശതമാനം വർദ്ധിപ്പിച്ചുകിട്ടുന്നതിനു വേണ്ടിയാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്; ആവശ്യം പരിഗണിക്കുക യുണ്ടായോ ?



LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളിൽ സംസ്ഥാന സർക്കാരുകൾക്കുള്ള വിഹിതം തീരുമാനിക്കുന്നത് കാലാകാലങ്ങളിൽ രൂപീകരിക്കപ്പെടുന്ന ധനകാര്യ കമ്മീഷനുകളുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. നിലവിൽ 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള നികുതി വിഹിതമാണ് സംസ്ഥാനങ്ങൾക്ക് ലഭിച്ചുവരുന്നത്. ഈ ശുപാർശകൾ 2010-2015 കാലയളവ് മുഴുവനും പ്രാബല്യത്തിലായിരിക്കും. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര നികുതികളിൽ സംസ്ഥാനങ്ങളുടെ വിഹിതം 32 ശതമാനമാണ്. 14-ാം ധനകാര്യ കമ്മീഷന്റെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര നികുതി വിഹിതം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ പ്രസ്തുത കമ്മീഷനുമുന്നിൽ യഥാസമയം സമർപ്പിക്കുന്നതാണ്.

(ബി) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ നികുതി, ആദായ നികുതി, സമ്പത്ത് നികുതി, ചുങ്കം, കേന്ദ്ര എക്സൈസ് തീരുവകൾ, ക്രയവസ്തുക്കളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും എന്നിവയിൽ സംസ്ഥാനങ്ങൾക്കായി വകയിരുത്തിയ വിഹിതത്തിന്റെ 2.341 ശതമാനവും സേവന നികുതിയുടെ 2.378 ശതമാനവുമാണ് ഇപ്പോൾ കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്.

(സി) 13-ാം ധനകാര്യ കമ്മീഷന്റെ മുന്നിൽ കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളുടെ 50% സംസ്ഥാനങ്ങൾക്കുള്ള വിഹിതമായി നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, കമ്മീഷൻ സംസ്ഥാനങ്ങളുടെ വിഹിതം കേന്ദ്ര നികുതി വരുമാനത്തിന്റെ 32 ശതമാനമായി നിജപ്പെടുത്തുവാൻ ശുപാർശ ചെയ്യുകയും കേന്ദ്രസർക്കാർ ആയത് അനുവദിക്കുകയുമാണുണ്ടായത്.

ശ്രീ. ജെയിംസ് മാത്യു : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനത്തിന്റെ ആവശ്യകത പരിഗണിച്ചുകൊണ്ടുള്ള ഒരു തീരുമാനമല്ല കേന്ദ്ര ധനകാര്യ കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ രാജ്യത്തിന്റെ ആകെ റവന്യൂ വരുമാനവും സംസ്ഥാനങ്ങൾക്കാകെ ലഭിക്കുന്ന റവന്യൂ വരുമാനവും കൂടിചേർത്തുകഴിഞ്ഞാൽ, അതിന്റെ 62 ശതമാനം കേന്ദ്ര നികുതി വരുമാനമായി കേന്ദ്ര സർക്കാരിനാണ് ലഭിക്കുന്നത്. 38 ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്കാകെ ലഭിക്കുന്നത്. എന്നാൽ ഭരണനിർവ്വഹണ ചുമതലയുടെ കാര്യം പരിശോധിച്ചാൽ കേന്ദ്രഗവൺമെന്റിന്റെ ചെലവിനേക്കാൾ എത്രയോ ഭാരിച്ച ബാദ്ധ്യതയാണ് സംസ്ഥാനങ്ങൾ നിർവ്വഹിക്കുന്നത്. സാധാരണ ജനങ്ങൾക്ക് ബാധകമാകുന്ന ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, വൈദ്യുതി, റോഡ് ഉൾപ്പെടെയുള്ള സേവന വികസന രംഗത്തേയും ക്രമസമാധാന പാലനത്തിന്റേയും ഭരണച്ചുമതലയും സംസ്ഥാനങ്ങൾ വഹിക്കുകയാണ്. ഏതാണ്ട് 2.33 ലക്ഷം കോടി രൂപ കേന്ദ്രം ചെലവഴിച്ച സ്ഥാനത്ത് ഇതേ കാലയളവിൽ 3.6 ലക്ഷം കോടി രൂപ സംസ്ഥാനങ്ങൾ ചെലവഴിക്കേണ്ടി വരികയാണെന്നാണ് 2004-2005-ലെ

കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. സംസ്ഥാനങ്ങളുടെ ചെലവ് ഇത്രതോതിൽ വർദ്ധിച്ചിരിക്കുമ്പോഴും കേന്ദ്രം സംസ്ഥാനങ്ങൾക്ക് നല്കുന്ന വിഹിതം 32 ശതമാന മായി കുറഞ്ഞിരിക്കുന്നു എന്നുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം അങ്ങിവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഞാൻ ചോദിക്കുന്നത്, സംസ്ഥാനങ്ങൾക്ക് നല്കാൻ നിശ്ചയി ക്കപ്പെട്ടിട്ടുള്ള 32 ശതമാനം വിഹിതത്തിൽനിന്ന് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നത് രണ്ടര ശതമാനത്തിൽ താഴെയാണ്. ഇന്ത്യയിലെ 28 സംസ്ഥാന ങ്ങൾക്ക് നല്കുന്ന വിഹിതത്തിൽ ഇത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഫലപ്രദമായ ഇടപെടലുകൾ 14-ാം ധനകാര്യകമ്മീഷന് മുമ്പാകെയെങ്കിലും കേരളം 50 ശതമാനം വിഹിതം നീക്കിവയ്ക്കണമെന്നുപറയുമ്പോൾ ഇന്ത്യയിലെ മുഴുവൻ സംസ്ഥാന ങ്ങൾക്കുമായിട്ടാണ് ആ വിഹിതം വരുന്നത്. അതിൽ നമ്മുടെ സംസ്ഥാനത്തി നുള്ള വിഹിതം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ; അഥവാ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മെമ്പർ ഒരുപാട് കാര്യങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്. പക്ഷേ അങ്ങ് പറഞ്ഞതിന്റെ സാരാംശം വളരെ പ്രധാന പ്പെട്ടതാണ്. കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ, പ്രത്യേകിച്ച് സാമ്പത്തിക ബന്ധങ്ങൾ മാറ്റാതെ നിർവ്വാഹമില്ല എന്നുള്ളതാണ് എന്റെ വ്യക്തി പരമായ അഭിപ്രായം. കാരണം, മോറൽ ആസ്റ്റിക് റിസോഴ്സസ് (Moral Austic Resources) കേന്ദ്രഗവൺമെന്റിന്റെ കയ്യിലാണ്. സംസ്ഥാനങ്ങൾക്ക് ആകെയുള്ള തിന്റെ 32 ശതമാനം മാത്രമേ ലഭിക്കുന്നുള്ളൂ. അതിൽ മാറ്റം വരുത്തണം. സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ നമ്മൾ എല്ലാപേരുംകൂടിയാണ് ശ്രമിക്കുന്നത്. ധനകാര്യകമ്മീഷനാണ് ആസ്റ്റിക് നിശ്ചയിക്കുന്നത്. പ്രതിപക്ഷവും ഭരണകക്ഷിയുമെല്ലാം സംസ്ഥാന ധനകാര്യകമ്മീഷനുകൾ വരുമ്പോൾ മെമ്മോറാണ്ടം കൊടുക്കാറുണ്ട് പക്ഷേ നമ്മുടെ ആർഗ്യുമെന്റ് മുഴുവനായി അവർ സ്വീകരിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. വാസ്തവത്തിൽ നമുക്ക് നികുതി വരുമാനം കുറവാണ്. 11-ാം ധനകാര്യ കമ്മീഷന്റേയും 13-ാം ധനകാര്യകമ്മീഷന്റേയും ശുപാർശകൾ താരതമ്യം ചെയ്യുമ്പോൾ നികുതിവരുമാനത്തിൽ 25 ശതമാനത്തിന്റെ കുറവ് വന്നിട്ടുണ്ട്.

ശ്രീ. ജെയിംസ് മാത്യു : സർ, വളരെ ശുഭസൂചകമായ ഒരു മറുപടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും ലഭിച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെ ഞാൻ ചോദിക്കുകയാണ്, 2008 മേയ് മാസം ഇന്ത്യയിലെ എല്ലാ സംസ്ഥാന ങ്ങളിലേയും ധനകാര്യവകുപ്പുമന്ത്രിമാരുടെ ഒരു സമ്മേളനം തിരുവനന്തപുരത്ത് ചേരുകയും 13-ാം ധനകമ്മീഷനുമുമ്പാകെ സംയുക്തമായി ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. എന്നാൽ ആ മെമ്മോറാണ്ടം കാര്യമാത്രപ്രസക്തമായ രീതിയിൽ പരിഗണിക്കപ്പെട്ടില്ല. എന്നാൽ അങ്ങ് പ്രകടിപ്പിച്ചിട്ടുള്ള ഈ വികാരം നമ്മളെല്ലാം ഒരുമിച്ചുചേർന്ന്, ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളുടേയും ആവശ്യത്തെ മുന്നിൽ കണ്ടുകൊണ്ട് 2008 മേയ് മാസത്തിൽ നടത്തിയ ആ സമ്മേളന ത്തിന്റേയും സംയുക്ത മെമ്മോറാണ്ടത്തിന്റേയും ഉള്ളടക്കത്തെ മുന്നോട്ടുകൊണ്ടു പോകുന്നതിനാവശ്യമായ പ്രായോഗിക പ്രവർത്തനങ്ങൾക്ക് ഭരണ-പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ നേതൃത്വം കൊടുക്കുന്നതിന് ഈ സർക്കാർ മുൻകയ്യെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, 14-ാം ധനകാര്യ കമ്മീഷന്റെ രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചുവരികയാണ്. ആ കമ്മീഷനെ നിയമിച്ചുകഴിഞ്ഞാൽ തീർച്ചയായും ഭരണ-പ്രതിപക്ഷകക്ഷി വ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയ കക്ഷികളുമായും മെമ്മോറാണ്ടം രൂപീകരണ സമയത്ത് ഗവൺമെന്റ് ആലോചിക്കും. അങ്ങനെ നമുക്ക് നല്ലൊരു മെമ്മോറാണ്ടം തയ്യാറാക്കിക്കൊടുക്കാം. നമുക്ക് ഒരുമിച്ചുനിന്നുകൊണ്ട് ധനകാര്യ കമ്മീഷനുമുമ്പാകെ നമ്മുടെ വാദഗതികൾ പ്രസ്സ് ചെയ്യാം. ഇക്കാര്യത്തിൽ വേറെ വ്യത്യാസമൊന്നുമില്ല.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ടാക്സ്-ട്രാൻസ്ഫർ കുറഞ്ഞുവരാനുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് കേരളത്തിൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകൾ മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെയധികം വളർന്നു എന്നുള്ളതാണ്. അതേസമയം ചില മേഖലകളിൽ കേരളത്തിന്റേതായ ചില പ്രത്യേക പ്രശ്നങ്ങൾ ഉണ്ട്. ഉദാഹരണമായി പ്രായമായവരുടെ എണ്ണം കൂടി വരികയാണ്. രോഗാതുരത, തൊഴിലില്ലായ്മ എന്നിവ വളരെയധികം വർദ്ധിച്ചുവരുന്നു. അങ്ങനെ മറ്റ് സംസ്ഥാനങ്ങളിലില്ലാത്ത പ്രശ്നങ്ങൾ നമ്മുടെ നാട്ടിൽ കൂടുതൽ വരുന്നുണ്ട്. അത്തരം പ്രശ്നങ്ങൾ പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് ടാക്സ്- ട്രാൻസ്ഫർ കുറയാത്ത രീതിയിൽ ഒരു പുതിയ ഫോർമുലയുണ്ടാക്കി ഫിനാൻസ് കമ്മീഷന് സമർപ്പിക്കാൻ അങ്ങ് ശ്രമിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഈ ഫോർമുലകളെപ്പറ്റിയൊക്കെ ശ്രദ്ധിക്കാം. ജനസംഖ്യ, വിസ്തീർണ്ണം, ഫിസ്ക്കൽ കപ്പാസിറ്റി ഡിസ്റ്റൻസ്, സാമ്പത്തിക അച്ചടക്കം എന്നിങ്ങനെ 4 ഫോർമുലകൾ മാത്രമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ടാക്സ് എഫർട്ട് കൂടി കണക്കിലെടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ നാലഞ്ചെണ്ണമേ ഉള്ളൂ, ഇനിയും ശാസ്ത്രീയമായ ഫോർമുലകൾ കൂടുതലായി എഴുതിച്ചേർക്കാം. കൂടുതൽ ഫോർമുലകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, കേന്ദ്ര വിഹിതത്തിന്റെ വർദ്ധനവിനുവേണ്ടിയുള്ള രോദനങ്ങളെല്ലാം വനരോദനങ്ങളായിത്തീരുന്നതല്ലാതെ മാറ്റങ്ങളൊന്നും വരുന്നില്ല. ഭരണഘടനയുടെ 275-ാം ഖണ്ഡികപ്രകാരം സംസ്ഥാന വിഭവങ്ങളുടെമേൽ ചില നിബന്ധനകൾ അടിച്ചേൽപ്പിക്കാൻ ധനകാര്യ കമ്മീഷനുകൾക്ക് അധികാരമുണ്ട്. അത്തരം നിബന്ധനകൾ അടിച്ചേൽപ്പിക്കുന്ന സ്ഥിതി ഉണ്ടോ ; കേന്ദ്ര സർക്കാർ നേരിട്ട് പിരിക്കുന്ന നികുതികളിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം, അവയ്ക്ക് ആഭ്യന്തര വിപണിയിൽ നിന്നും മറ്റും വായ്പ എടുക്കുന്നതിനുള്ള അവകാശം, കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വരുത്തേണ്ട മാറ്റങ്ങൾ ഇതിനെയെല്ലാം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ശക്തമായി കേന്ദ്രത്തിൽ ഇടപെടാൻ എന്തെങ്കിലും പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഒരു സർവ്വകക്ഷി സംഘത്തെ അയച്ച് ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തയ്യാറുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, സർവ്വകക്ഷി സംഘത്തിന്റെ പോരായ്മ അല്ല. ഇതൊക്കെ വിശാലമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ ഉൾപ്പെടുന്നതാണ്. ഈ പറയുന്നതെല്ലാം അതിൽ അന്തർലീനമായിട്ടുള്ള തത്വങ്ങളാണ്. എല്ലാ രാഷ്ട്രീയ

പാർട്ടികൾക്കും ഇതിനെപ്പറ്റി പ്രത്യേക അഭിപ്രായങ്ങളുണ്ട്. അതെല്ലാംകൂടി സമന്വയിപ്പിക്കാം. വിശാലമായ തത്വമാണ്. നമുക്കെല്ലാവർക്കും ഒന്നിച്ചുനിന്നുകൊണ്ട് ഫിനാൻസ് കമ്മീഷൻ മുമ്പാകെ മെമ്മോറാണ്ടം കൊടുത്ത് കൂടുതൽ ശക്തമായി നമുക്കാവശ്യമായ വിഹിതം നേടുന്നതിനുവേണ്ടി ശ്രമിക്കാം.

ശ്രീ. ബി. ഡി. ദേവസ്സി : സർ, സി.എസ്.ടി നിരക്ക് നാലിൽ നിന്ന് മൂന്നും പിന്നീട് രണ്ടുമായി കുറച്ചപ്പോൾ സംസ്ഥാനത്തിന് ഇതുമൂലമുണ്ടാകുന്ന നഷ്ടം നീക്കാമെന്നുള്ള കേന്ദ്ര ധാരണ നടപ്പിലാക്കിയിട്ടുണ്ടോ ; ഇതുമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ തിരിച്ചു കിട്ടാൻ സംസ്ഥാന ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അതുപോലെ സേവന ചരക്ക് നിയമം നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് സജ്ജമായിട്ടുണ്ടോ ; ഇതുമൂലം സർക്കാരിന് വരുമാന നഷ്ടമാണോ അതോ ലാഭമാണോ ഉണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രതിവർഷം എത്ര രൂപയാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി : സർ, സി.എസ്.ടി- യുടെ കാര്യത്തിൽ നമ്മുടേതായ ശ്രമം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട ബി. ഡി. ദേവസ്സി സൂചിപ്പിച്ച ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്. സർവ്വീസ് ടാക്സിനാണ് വളരെ ബോയൻസി ഉള്ളത്, അത് വളരെ വിസ്തൃതമാകുകയാണ്. സർവ്വീസ് ടാക്സിൽ നിന്നാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പിരിച്ചെടുക്കുന്ന സർവ്വീസ് ടാക്സിൽനിന്ന് നമുക്ക് നല്കുന്ന വിഹിതം 2.378 ശതമാനം മാത്രമാണ്. വാല്യൂ ആഡഡ് ടാക്സ് സംബന്ധിച്ച കോൺസ്റ്റിറ്റ്യൂഷണൽ അമന്റ്മെന്റ് പ്രാബല്യത്തിൽ വരുമ്പോൾ സർവ്വീസ് ടാക്സ് പിരിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഗവൺമെന്റുകൾക്കുകൂടി ലഭ്യമാകുകയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് തുല്യമായി സർവ്വീസ് ടാക്സ് വിഭജിക്കപ്പെടുകയും പന്ത്രണ്ടര ശതമാനം സർവ്വീസ് ടാക്സ് ഈടാക്കുകയും ചെയ്യാം. ആ നിലയിൽ വരുമ്പോൾ ടാക്സ് കൂടുതൽ ലഭിക്കും. ഇപ്പോൾ പിരിക്കുന്ന സർവ്വീസ് ടാക്സിൽ നമുക്കൊരു വിഹിതവും ഇല്ല.

ശ്രീ. സി. പി. മുഹമ്മദ് : സർ, വിദേശ മലയാളികൾവഴി നേടുന്ന വിദേശ നാണ്യം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളേക്കാൾ കേരളത്തിൽ കൂടുതലാണ്. ഇതൊക്കെയായിട്ടും നമുക്ക് അർഹമായ വിഹിതം കിട്ടുന്നില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം എത്രയാണ്; അത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട രീതിയിലാണോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മെമ്പർ വ്യത്യസ്തമായ ചോദ്യമാണ് ചോദിച്ചിരിക്കുന്നത്. ഫിനാൻസ് കമ്മീഷന്റെ നികുതിയെക്കുറിച്ചാണ് മറുപടി പറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ സെൻട്രലി സ്പോൺസേർഡ് സ്കീമിനെക്കുറിച്ചാണ് ചോദിക്കുന്നത്. അതിന് പ്രത്യേക നോട്ടീസ് നല്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഹംസ : സർ, ഇന്ത്യൻ ഭരണഘടന അനുസരിച്ച് ശക്തമായ കേന്ദ്രവും ശക്തമായ സംസ്ഥാനവും എന്നാണ് കാഴ്ചപ്പാട്. എന്നാൽ കേന്ദ്രം ശക്തമാവുകയും സംസ്ഥാനം ദുർബലമാവുകയും ചെയ്യുന്ന രീതിയാണ് ഇന്നുള്ളത്. അത് പുതുക്കിപ്പണിയുന്നതിനുവേണ്ടി കേന്ദ്രത്തിൽനിന്നും നികുതി വരുമാനം കൂടുതൽ ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. സഹകരണ മേഖലയിൽനിന്നുള്ള നികുതിയാണ് സംസ്ഥാനത്തിന്റെ നികുതിയിൽ ഏറ്റവും കൂടുതൽ കേന്ദ്രത്തിന് ലഭിക്കുന്നത്. ആ മേഖലയിലെ ലാഭത്തിനനുസരിച്ച് നികുതി കൊടുക്കേണ്ടിവരുന്നു. അതുപോലെ ഡിപ്പോസിറ്റർമാർ ടാക്സ് കൊടുക്കേണ്ടിവരുന്നു. ഡിപ്പോസിറ്റർമാർക്ക് ടാക്സ് ഏർപ്പെടുത്തുകയും സഹകരണമേഖലയിലെ ലാഭത്തിന്റെ ഒരു വിഹിതം ടാക്സ് കൊടുക്കുകയും ചെയ്യുന്നൊരു സംവിധാനം ഇന്ന് നിലവിലുണ്ട്. അത് മാറ്റിയെടുക്കുന്നതിനും കോ-ഓപ്പറേറ്റീവ് സെക്ടറിനെ രക്ഷിക്കുന്നതിനുമാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ ?

ശ്രീ. കെ. എം. മാണി : സർ, സംസ്ഥാന ഗവൺമെന്റ് ഒട്ടും ദുർബ്ബലമല്ല, വളരെ ശക്തമാണ്. കാലാകാലങ്ങളിലുള്ള ഫിനാൻസ് കമ്മീഷന്റെ അവാർഡ് ചില കാര്യങ്ങളിൽ നമുക്ക് ഗുണകരമാകുകയും ചില കാര്യങ്ങളിൽ ദോഷകരമാവുകയും ചെയ്യും. മൊത്തത്തിൽ പറയുമ്പോൾ, ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് നികുതി വിഹിതത്തിന്റെ 32 ശതമാനം പോര 50 ശതമാനമെങ്കിലും വേണം. അങ്ങനെ വരുമ്പോൾ സംസ്ഥാനങ്ങൾക്ക് വിഹിതം വയ്ക്കുമ്പോൾ നമുക്ക് കൂടുതൽ ലഭിക്കും. ഈ ഗവൺമെന്റ് വളരെ ശക്തമാണ്. കോ-ഓപ്പറേറ്റീവ് സെക്ടറിലെ നികുതിയുടെ കാര്യത്തിൽ ശക്തമായ നിലപാടെടുക്കും. 14-ാം ധനകാര്യകമ്മീഷൻ വരുമ്പോൾ ഏതൊക്കെ നികുതി മേഖലകളാണ് എന്നതൊക്കെ ശാസ്ത്രീയമായി പഠിച്ചതിനു ശേഷം മെമ്മോറാണ്ടം തയ്യാറാക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രശസ്തമായ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുണ്ട്. ഉദാഹരണത്തിന് കാസർഗോഡ് ജില്ലയിൽ മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലാണ് നാളികേര തോട്ട ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്നത്. അടുത്ത കാലംവരെ പ്രൊഫഷണൽ ടാക്സ് ആ പഞ്ചായത്തിന് ലഭിച്ചിരുന്നു. എന്നാലിപ്പോൾ കുറേ കാലമായി അത് നിറുത്തൽ ചെയ്തിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ഈ ചോദ്യം പഞ്ചായത്തിന്റെ ടാക്സിനെക്കുറിച്ചുള്ളതാണ്.

ശ്രീ. സി. കെ. നാണു : സർ, മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് 50 ശതമാനം വീതം നികുതി വിഹിതം അനുവദിച്ചതിന്റെ ഫലമായുണ്ടായ ഗുണങ്ങൾ അന്ന് എല്ലാ സംസ്ഥാന ഗവൺമെന്റുകളും സൂചിപ്പിച്ചിട്ടുണ്ട്. അതിൽ നിന്ന് കേന്ദ്രഗവൺമെന്റ് മാറിയതിന്റെ ഫലമായി സംസ്ഥാനങ്ങൾക്കുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ നടന്ന ധനകാര്യ മന്ത്രിമാരുടെ സമ്മേളനത്തിൽ അത്തരം കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ താൽപ്പര്യ സംരക്ഷണത്തിന് ശ്രമിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിൽ വ്യത്യസ്തമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. അന്നൊക്കെ സ്റ്റേറ്റുകൾക്ക് കോർപ്പറേഷൻ ടാക്സ് ഇത്ര, എക്സൈസ് ഡ്യൂട്ടി ഇത്ര, ഇൻകം ടാക്സ് ഇത്ര എന്നിങ്ങനെ ഓരോന്നിനും വിഹിതം വയ്ക്കുകയാണ് ചെയ്തിരുന്നത്. ഇപ്പോൾ അങ്ങനെയല്ല. അടുത്ത കാലത്താണ് ധനകാര്യ കമ്മീഷൻ ശുപാർശ വച്ച് യൂണിയൻ ഗവൺമെന്റ് പിരിക്കുന്ന എല്ലാ നികുതിയിൽനിന്നും സംസ്ഥാനങ്ങൾക്ക് അവകാശപ്പെട്ട നികുതി, കോർപ്പസിൽ നിന്ന് 32 ശതമാനമെന്ന വ്യതിയാനം വന്നത്. അത് മൊറാർജി ദേശായിയുടെ കാലത്ത് അല്ല.

## സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ

2 (*752) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൺകുട്ടികളെ പട്ടാപ്പകൽ തട്ടിക്കൊണ്ടുപോകുന്നതും ആക്രമിക്കുന്നതുമായ സംഭവങ്ങൾ തലസ്ഥാനനഗരിയിൽ ഉൾപ്പെടെ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം കുറ്റകൃത്യങ്ങളുടെ എണ്ണം മറ്റെന്നത്തെക്കാളും ഇപ്പോൾ ഉയർന്നുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണവുമായി ബന്ധപ്പെട്ട് നാളിതുവരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ & ബി) പെൺകുട്ടികളെ പട്ടാപ്പകൽ തട്ടിക്കൊണ്ടുപോകുന്നതും ആക്രമിക്കുന്നതുമായ സംഭവങ്ങൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുൻകാലങ്ങളിൽ സ്ത്രീകൾ അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പരാതികൾ നൽകുവാൻ വിമുഖത കാണിച്ചിരുന്നു. അഭിമാനക്ഷതം, അപകർഷതാബോധം, സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുമെന്നുള്ള തെറ്റായ തോന്നൽ, കുടുംബത്തിന്റെ സുരക്ഷിതത്വം എന്നിങ്ങനെയുള്ള കാരണങ്ങളാലാണ് തനിക്ക് നേരെയുണ്ടായ അതിക്രമങ്ങൾ തുറന്നു പറഞ്ഞ് അതിന്മേൽ പരാതി നൽകുന്നതിൽനിന്നും ഭൂരിഭാഗം സ്ത്രീകളെയും പിന്തിരിപ്പിച്ചിരുന്നത്. ഇത്തരമൊരു അവസ്ഥയിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസ്സുകളുടെ എണ്ണം കുറവായിരുന്നു. എന്നാൽ മാറിയ സാമൂഹ്യ അന്തരീക്ഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly